# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1564

02/07/2015-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്

| **ചോദ്യം**<br>ശ്രീ. ബി. സത്യൻ | **മറുപടി**<br>ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ നടന്നുവരുന്നതെന്ന വിശദാംശം നൽകാമോ; | ബി) പ്രതിദിനം 20,000 തേങ്ങ സംസ്കരിച്ച് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും പ്രതിദിനം 30 ടൺ കൊപ്രയിൽ നിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും ആരംഭിക്കുവാനുള്ള പ്രവർത്തനം, മാമം നാളികേര കോംപ്ലക്സിൽ നടന്നുവരുന്നു. |
| സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ജീവനക്കാരെ നിയമിച്ചതിന് സ്വീകരിച്ച മാനദണ്ഡവും വിശദമാക്കാമോ; | സി) പ്രസ്തുത സ്ഥാപനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. |
| ഡി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ ഇതിനകം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ഡി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ സംസ്ഥാന സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ RKVY പദ്ധതിപ്രകാരം വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, നാളികേരത്തിൽ നിന്നുള്ള മറ്റ് ഉത്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ നിന്നും 114 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ